# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ<br>NOVEMBER 26 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ്


ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2021@gmail.com


---

### പരമ്പരാഗത ഭക്തരുടെയും ക്ഷേത്രത്തിന്റെയും സുരക്ഷ ഉറപ്പാക്കി സിസിടിവി കാമറകൾ

ശബരിമല തീർഥാടകരുടെയും ക്ഷേത്രത്തിന്റെയും സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ക്ഷേത്ര പരിസരം 24 മണിക്കൂറും പോലീസിന്റെ സിസിടിവി കാമറ വലയത്തിൽ. ചാലക്കയം മുതൽ പാ ിത്താവളം വരെ 76 സിസിടിവി കാമറകളാണ് നിരീക്ഷണത്തിനായി ക്രമീകരിച്ചിരിക്കുന്നത്. പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ആർ. നിശാന്തിനിയുടെ നേതൃത്വത്തിലാണ് നിരീക്ഷണം നടത്തുന്നത്.

സന്നിധാനത്തെ കൺട്രോൾ റൂം മേൽനോട്ടം പോലീസ് സ്പെഷൽ ഓഫീസറും ക്രൈം ബ്രാഞ്ച് എസ്പിയുമായ എ.ആർ. പ്രേംകുമാറിനാണ്. നിരീക്ഷണ കാമറകളുടെ പ്രധാന കൺട്രോൾ റൂം പമ്പയിലാണ്. കെൽട്രോണാണ് സിസിടിവി സ്ഥാപിച്ചിരിക്കുന്നത്. മൃഗങ്ങളുടെ സാന്നിധ്യം അറിയുന്നതിനും മറ്റ് സുരക്ഷാ വിലയിരുത്തലുകൾ നടത്തുന്നതിനുമാണ് സിസിടിവികൾ സ്ഥാപിച്ചിരിക്കുന്നത്.

സുരക്ഷയുടെ ഭാഗമായി ബോംബ്സ്ക്വാഡ്, മെറ്റൽ ഡിറ്റക്ടർ, എക്സ്റേ സ്കാനർ തുടങ്ങിയ പരിശോധനകൾ നടപ്പന്തൽ, വാവർനട, വടക്കേനട തുടങ്ങിയ ഇടങ്ങളിൽ ഒരുക്കിയിട്ടു ്. ബോംബ് സ്ക്വാഡിന്റെ ടീം ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് വിവിധ ഇടങ്ങളിൽ പരിശോധന

നടത്തിവരുന്നു. പോലീസ് നിരീക്ഷണ കാമറ കൂടാതെ വിവിധ ഇടങ്ങളിലായി ദേവസ്വം വിജിലൻസ് 75 സിസിടിവി കാമറകൾ സ്ഥാപിച്ചിട്ടു ്. പോലീസിന്റെ സിസിടിവി കാമറകൾ ശ്രീകോവിൽ, നടപ്പന്തൽ, അപ്പം -അരവണ കൗ ർ, മരക്കൂട്ടം, പമ്പ, പമ്പ കെഎസ്ആർടിസി തുടങ്ങിയ ഇടങ്ങളിലും ഉ ്. പരമ്പരാഗത പാതയിൽ നീലിമല ഭാഗത്തും, അപ്പാച്ചിമേട്, ശബരീപീഠം തുടങ്ങിയ ഇടങ്ങളിലും സിസിടിവി കാമറകളു ്.

***ഫോട്ടോ അടിക്കുറിപ്പ്:സിസിടിവി കൺട്രോൾ റൂം-***
സന്നിധാനത്തെ സിസിടിവി കൺട്രോൾ റൂം

(പി.ആർ. ശബരി-59)

## പൂങ്കാവനം മാലിന്യമുക്തമാക്കാൻ ദർശനത്തിനെത്തുന്ന ഓരോ തീർഥാടകനും ശ്രമിക്കണം: ഉണ്ണി മുകുന്ദൻ

പൂങ്കാവനത്തെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനു നടപ്പാക്കിയിട്ടുള്ള പുണ്യം പൂങ്കാവനം പദ്ധതിക്ക് പിന്തുണയുമായി ശബരിമല ദർശനം നടത്തിയ നടൻമാരായ ഉണ്ണിമുകുന്ദനും രാഹുൽ മാധവും സംവിധായകൻ വിഷ്ണു മോഹനും. പുണ്യം പൂങ്കാവനം പദ്ധതിയുടെ ശബരിമല സന്നിധാനത്തെ ഓഫീസ് സന്ദർശിച്ച മൂവരും തങ്ങളുടെ അഭിപ്രായം രജിസ്റ്ററിൽ രേഖപ്പെടുത്തി.

പൂങ്കാവനം മാലിന്യമുക്തമാക്കാൻ ദർശനത്തിനെത്തുന്ന ഓരോ തീർഥാടകനും ശ്രമിക്കണമെന്ന് ഉണ്ണി മുകുന്ദൻ പറഞ്ഞു. പുണ്യം പൂങ്കാവനം പദ്ധതി സംബന്ധിച്ച ബ്രോഷർ കോ -ഓർഡിനേറ്റർ ഡിവൈഎസ്പി എം. രമേഷ് കുമാർ കൈമാറി. ശബരിമലയെ മാലിന്യ മുക്തമായി സംരക്ഷിക്കുന്നതിൽ പുണ്യം പൂങ്കാവനത്തിന്റെ പങ്ക് വളരെ വലുതാണ്.

***ഫോട്ടോ അടിക്കുറിപ്പ്: ആക്റ്റർ ഉണ്ണിമുകുന്ദൻ -*** ശബരിമലയിൽ ദർശനം നടത്തി പുണ്യം പൂങ്കാവനത്തിന് ഭാഗമായി ശുചീകരണം നടത്തിയ ശേഷം ചലചിത്ര നടൻ ഉണ്ണിമുകുന്ദൻ
പദ്ധതിയുടെ ബ്രോഷർ കോ -ഓർഡിനേറ്റർ ഡിവൈഎസ്പി എം. രമേഷ് കുമാറിൽ നിന്ന് ഏറ്റുവാങ്ങുന്നു.നടൻ രാഹുൽ മാധവും സംവിധായകൻ വിഷ്ണു മോഹനും സമീപം.

(പി.ആർ. ശബരി-60)

..............................................................................................................................................
...................................................

***ഫോട്ടോ അടിക്കുറിപ്പ്: ദർശൻ ക്യൂ*** -സന്നിധാനത്ത് ദർശനത്തിനായി ക്യൂ നിൽക്കുന്ന തീർഥാടകർ

***ഫോട്ടോ അടിക്കുറിപ്പ്:*** ഡിവോട്ടീസ് പ്രേയിംഗ് ബിഫോർ ശ്രീകോവിൽ -ശബരിമല ക്ഷേത്ര ശ്രീകോവിലിന് മുമ്പിൽ ദർശനത്തിന് നിൽക്കുന്ന തീർഥാടകർ

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.